# കരടുകൾ

ഉമ്മറപ്പടിക്കപ്പുറത്തു മുനിഞ്ഞുകത്തുന്ന നിലവിളക്ക്. വിളവില്ലാത്ത വരൾച്ചപോലെ കിടക്കുന്ന ഇരുട്ടു്, അതിനുമപ്പുറത്ത് പുറത്തെ ഉമ്മറക്കോലായിൽ ആകാശത്തിന്റെ ഭംഗി ആസ്വദിക്കുകയാണെന്നതുപോലെ ഞാൻ. എനിക്കുതന്നെ ഓർമ്മയില്ലായിരുന്നു ഞാനെപ്പോഴാണ് അവിടെ ഇരുന്നത് എന്നു, ഓർമ്മവരുമ്പോൾ ഒരുദ്ദേശവുമില്ലാതെ ഞാനിരിക്കുകയായിരുന്നു അവിടെ. മുന്നിൽ സന്ധ്യയുടെമറയുന്ന പ്രകാശമുണ്ട്.പിന്നിൽഇരുട്ട്.

ഇരുട്ട് കാണുമ്പോഴെക്കെ ഞാൻ എന്തുകൊണ്ടോ വരൾച്ചയെ ആണ് ഓർക്കാറ്. അതിന്റെ കാരണമൊന്നും ഞാൻ ആലോചിച്ചിട്ടില്ല. ഏതായാലും അപ്പോൾ ഞാൻ കണ്ടിരുന്നത് സന്ധ്യയുടെ പ്രകാശമാണോ മപിന്നിലെ ഇരുട്ടാണോ എന്നും എനിക്ക് തീർച്ചയില്ല. മനസ്സിൽ ഒരടുക്കും ചിട്ടയുമില്ലാതെ എന്തൊക്കെയോ സംഭവങ്ങൾ തട്ടിമറിഞ്ഞുവീണു. അതൊന്നു് അടുക്കും ചിട്ടയുമായി വെക്കുന്നതിനുപകരം ഞാൻ വെറുതെ അവയുടെ ചിലമ്പൽ കേട്ടുകൊണ്ടിരുന്നതേയുള്ളു. ഒരുതരം അവ്യക്തമായ ഇരമ്പം പോലെയായിരുന്നുഅത്.

അമ്മയുടെ താഴ്ന്ന ശബ്ദത്തിലുള്ള നാമം ചൊല്ലൽ ഒരു പശ്ചാത്തല സംഗീതം പോലെ, ഒരു പ്രതേക്യ വേഗത്തിൽ ക്രമീകരിച്ച്, ടാപ്പിൽനിന്നും വീഴുന്ന വെള്ളം പോലെ കേൾക്കുന്നുണ്ടായിരുന്നു. അച്ഛൻ, മുറ്റത്ത് ഒരു നൂറ്റാണ്ടിനു മുൻപുള്ള പ്രതിമപോലെയുണ്ട്, അച്ഛന്റെ നിഴൽ ഏന്തി വരുന്ന ഇരുട്ടിൽ മാഞ്ഞു മാഞ്ഞു പോകുന്നതുകുറച്ചുനേരംഞാൻകണ്ടു.അങ്ങനെയിരിക്കുമ്പോഴാണ് പെട്ടെന്ന്എന്തെന്നില്ലാത്ത ഒരു മടുപ്പ്എന്നെപിടിക്കൂടിയത്. കണ്ണുകളിൽ ശരിക്കും വെള്ളം നിറയുംവരെ എന്നെഅതുവേദനിപ്പിച്ചു ഞാൻ, കണ്ടു മടുത്തു കഴിഞ്ഞിരുന്ന, കാണാൻ കൊതിക്കുന്ന പലരേയും അപ്പോൾ ഓർമ്മിച്ചു, വെറുതെ. അവരെ ആരെയങ്കിലും കണ്ടു കിട്ടിയിരുന്നെങ്കിൽഞാനെന്തെങ്കിലും പറയുമെന്നു് എനിക്കൊരുറപ്പുമാണ്ടായിരുന്നില്ല. ഞാൻ ഏറ്റവും വെറുക്കുന്ന സുനീതി എന്ന സഹപാഠിയെ ആയിരുന്നു പക്ഷേ, ഞാൻ ഏറ്റവും കാണാൻ കൊതിച്ചത് എൻെറ വീടിനുചുറ്റും കവചം പോലെ നിന്ന തണുത്ത കുന്നുകളിൽ ഒന്നു വെറുതെ ചുറ്റിയലയാൻ തോന്നി പിന്നെ. വലിയ വലിയ വെള്ളാരംകല്ലുകളിൽനിന്നു് ഒന്നിൽനിന്നു് മറ്റൊന്നില്ക്ക് കുട്ടികളെപ്പോലെ ചാടാൻ,തലപോയ ഒരു പനമരത്തിൽ ചാരി ഞാനെന്നോ സിനിമയിൽ കണ്ട സുന്ദരിയായ നായികയെപ്പോലെ നിൽക്കാൻ, എൻെറ രാത്രിയിലെ ഭക്ഷണം മുമ്പിലെ പറമ്പിൽ തുറന്ന ആകാശത്തിനുകീഴിൽ തണുത്തു വിറച്ചിരുന്നു് തീപൂട്ടി ഭക്ഷണംപാകം ചെയ്യാൻ, കിണയുന്ന പിച്ചക്കാരിക്കും അവളുടെ പിഞ്ചുകുഞ്ഞിനും കൊടുക്കാൻ, എന്നിട്ടവരുടെ ചിരി കാണാൻ അങ്ങനെ പലതും തോന്നി. ഇതൊന്നും നടക്കുകയിലെന്ന് അറിയാഞ്ഞിട്ടല്ല. പക്ഷേ, നിങ്ങൾക്കുതന്നെ അറിഞ്ഞുകൂടെ, നടക്കാത്തത് ആശിക്കാൻ സ്വപ്നം കാണാൻ ഒരു പ്രത്യേക സുഖമുണ്ട്. പെൺകുട്ടികൾ ഇങ്ങിനെയൊന്നും ചെയ്യരുതെന്ന് എത്രയോ നല്ല മാന്യരായ ആണുങ്ങൾ പണ്ടുമുതലേ പറഞ്ഞുവെച്ചിട്ടുണ്ട്. എന്റെ അച്ഛനും അമ്മയും. അവരും മാന്യരായതുകൊണ്ടാവണം അതേ അഭിപ്രായക്കാരണ്. സത്യം പറഞ്ഞാൽ ഇതൊക്കെ ഒന്നു് ചെയ്ത് അവരെയൊക്കെ ധിക്കരിച്ചുഎന്നുവരുത്തിഒരുദിവസംജീവിക്കണമെന്നുമുണ്ട്എനിക്ക്,പക്ഷേ,ആദിവസം വരുന്നേയില്ല, ദിവസങ്ങൾബലഹീനർക്കുവേണ്ടിയുള്ളതല്ലല്ലൊ.

എന്നെ ഇപ്പോഴും ആ മടുപ്പ് വിടുന്നില്ല. അതൊരു കത്തിമുനയുടെ മുർച്ചയോടെ വീണ്ടും കീഴോട്ടിറങ്ങുകയാണ് ദേഹത്തിൽ, മടുപ്പിന്റെ കൂടെ എന്റെ കാര്യത്തിൽ നിസ്സഹായതയുമുണ്ടായിരുന്നു അതായിരുന്നെന്നു തോന്നുന്നു എന്നെ കൂടുതൽ ദേഷ്യം പിടിപ്പിച്ചത്. എന്തെന്നു എനിക്കുതന്നെ നിശ്ചയമില്ലാതിരുന്ന എന്തൊക്കെയോ ചെയ്യാൻ എന്റെ കൈകൾ തരിച്ചു. ആരെയെങ്കിലും കൊല്ലാൻ കിട്ടയെങ്കിൽഞാനൊന്നു കൊന്നു നോക്കിയേനെ.അമ്മവിളിച്ചിട്ടുംഞാൻമിണ്ടിയില്ലഅസഹ്യമായ ആ വേദന കൂടി വന്നു. അത് എങ്ങനെ ശമിപ്പിക്കണമെന്നു എനിക്കൊരു പിടിയും കിട്ടിയില്ല. എനിക്കെഴുന്നേൽക്കാൻ കഴിഞ്ഞിരുന്നെങ്കിൽഞാൻഈഭൂമിയുടെഅവസാനംവരെനിർത്താതെഓടുമായിരുന്നു.

പെട്ടെന്നുമഴചാറിത്തുടങ്ങി.

ഇരുണ്ട ആകാശത്തിനുകീഴിൽ അന്തമില്ലാത്ത കരച്ചിലമായി മഴ വന്നപ്പോൾ എന്റെ എല്ലാ ശക്തിയും നഷ്ടപ്പെട്ടു ഒരു തിളങ്ങുന്നകത്തിയുടെ രൂപത്തിൽഏകാന്തതഎന്റെകണ്ണുകൾക്കുനേരെമറ്റൊന്നും ചെയ്യാൻ കഴിയാത്തതിനാൽ ഞാൻ അതിനെത്തന്നെ നോക്കിയിരുന്നു. എനിക്ക് കരച്ചിൽ വരുന്നുണ്ട്. ഒരിക്കലും കൊല്ലാതെ,ഏതുനിമിഷവും കൊന്നേയ്ക്കുമെന്നു പേടിപ്പെടുത്തി ഒരുകത്തിനേരെനിൽക്കുമ്പോൾ നിങ്ങൾക്കും ഒരുപക്ഷേ,കരച്ചിൽവരാതിരിക്കില്ല.

ചെരുപ്പിന്റെ ശബ്ദം. എനിക്ക് സന്തോഷം തോന്നി ആരായാലും. എന്റെ ശത്രുവിനെപ്പോലും ഞാൻഅപ്പോൾ ഇറുകെ പുണരുമായിരുന്നു. ആ മഴയത്തുംഎന്റെഉള്ളംകൈകൾവിയർത്തിരുന്നു. ആ കൈ ആരുടെയെങ്കിലും മേൽഎനിക്കൊന്നു ക്കെവണം കാരണം അതിന്റെ കിടപ്പ് അത്രയധികം അനാഥമായിരുന്നു. വന്നുകയറുന്നതു ഒരപരിചിതനാണെങ്കിൽപോലുംഅയാളെഞാൻവർത്തമാനം പറഞ്ഞ്ശ്വാസം മുട്ടിച്ചേനെ.

പക്ഷേഎന്തുപറയുമെന്നായിരുന്നുഎനിക്കപ്പോഴും പേടി.ഈഇരുട്ടുംഎന്തെന്നില്ലാതെകരയുന്നഈമഴയും ഒഴിച്ച്എന്റെമനസ്സിൽഒന്നുമില്ല.എനിക്ക്അതുകൊണ്ട്ഒന്നുമല്ലാത്തപലതിൽനിന്നുംതുടങ്ങേണ്ടിവരും.

ചാച്ചു എന്നു ഞാൻ വിളിച്ചിരുന്ന എന്റെ അയൽപക്കക്കാരനായിരുന്ന വിരുന്നുകാരൻ. മഴ ചാറിയപ്പോൾ നനയാതിരിക്കാൻ ഓടി വന്നതാണ്. എനിക്കു വല്ലാത്ത നിരാശ തോന്നി, അമ്മയുടെ മകനെ പോലെ വീട്ടിൽ സ്വാതന്ത്ര്യമുള്ളവനായിരുന്നു അയാൾ കടന്നു പോകുന്ന വഴിക്കു് ഇരുട്ടത്ത് എന്റെ കാലിൽ തടഞ്ഞുവീഴാൻപോയിചാച്ചു.

''നീയാ.......!''അയാൾപറഞ്ഞു''ഒരുമുണ്ടുതരൂമാറ്റാൻ.''

ചാച്ചുവിനെന്നും ഇഷ്ടമായിരുന്നു എന്നെ. ചാച്ചുവിനെ എനിക്കും കാര്യമായിരുന്നു. ഒരു മുതിർന്ന ഏട്ടനെപ്പോലെയാണെന്നുചിലപ്പോൾ തോന്നും.ചിലപ്പോൾആരുമല്ലാത്തഅപരിചിതനെപ്പോലെ.

മുകളിലേക്ക് മുണ്ടെടുക്കാൻഞാൻകോണികേറിപ്പോയപ്പോൾചാച്ചുവും വന്നുകൂടെ.എന്റെകണ്ണിനു മുന്നിൽ തിളങ്ങുന്ന കത്തി അതേപടി നിന്നു. എനിക്ക് കോണി കേറാൻപോലും പേടി തോന്നി. പേടിയെന്നല്ല വാക്ക്. എനിക്ക് കോണി കേറിപ്പോയി മുണ്ടെടുക്കാൻ തീരെ മനസ്സുണ്ടായിരുന്നില്ല.ചാച്ചുപറഞ്ഞതുകാരണം വയ്യെന്നു പറയാൻ വയ്യ. വയ്യായയ്ക്കു് ശാരീരികമായ കാരണങ്ങളില്ലെങ്കിൽ അതു ധിക്കാരമാവും. പക്ഷേ എന്റെ മനസ്സിന്റെ ശൂന്യത താങ്ങാൻ വയ്യാതായപ്പോൾ ഞാൻ തിരിഞ്ഞുനിന്നു. ചാച്ചുവിന്റെ കൈപിടിച്ച് കയറാം. ഞാൻ നിന്നതും പക്ഷേ ചാച്ചു നിന്നു. പുരുഷന്റെ കൈത്തണ്ട, ബലമുള്ള കൈത്തണ്ട, ചാച്ചുവിന്റെ കണ്ണുകളെ ഞാൻ എതിരിട്ടില്ല. കോണി വീണ്ടും ഞാൻ കേറാൻ തുടങ്ങി. മുണ്ട് അയലിൽനിന്നും എടുത്തുകൊടുത്തപ്പോൾ ഞങ്ങളുടെ കൈകൾ യാദൃശ്ചികമായി കൂട്ടിമുട്ടി. ചാച്ചു എന്നെ കുറച്ചുനേരം നോക്കിനിന്നു. മുൻപും എന്നെ ചാച്ചു അതുപോലെ നോക്കിയിട്ടുണ്ട്. അതിന്റെ അർത്ഥവും എനിക്കറിയാമായിരുന്നു. അന്നൊക്കെ, നോട്ടം കൈകൾ കൂട്ടിമുട്ടിയിട്ടായിരുന്നില്ല എന്നൊരു വ്യത്യാസമെയുള്ളൂ. എനിക്കാ നോട്ടങ്ങൾ ഇഷ്ടമായിരുന്നില്ല. പക്ഷേ, ഞാൻ വെറുതെനിന്നു. മഴയുടെ ചാറൽ നിന്നിട്ടില്ല. കട്ടിയുള്ള ഇരുട്ട്. തണുപ്പ് എന്നെയും ചാച്ചുവിനേയും പൊതിഞ്ഞു കൊണ്ട്, മടുപ്പ് കത്തിയുടെ രൂപം കൈവെടിഞ്ഞിരുന്നു.വഴുവഴുപ്പുള്ളഒരുഇഴജന്തുവിനെപോലെഎന്നെഅത്വരിയാൻതുടങ്ങി.

എനിക്ക് ഒന്നും ചെയ്യാനില്ല.ചാച്ചുഎപ്പോഴും നന്നായി വർത്തമാനംപറയാറില്ല കേട്ടാൽ മടുപ്പ്കൂടും. എന്നിട്ടും എന്തെങ്കിലും അയാൾ പറയാൻ തുടങ്ങിയിരുന്നെങ്കിൽഎന്നുഞാനാശിച്ചു.എന്നിട്ട് അയാൾ മുണ്ടു മാറ്റി ഉടുക്കുന്നത് നോക്കിനിന്നു. നനഞ്ഞ വസ്ത്രം എന്റെ കൈയിലേക്കിട്ടു തന്നു അയാൾ. എനിക്കാശ്വാസം തോന്നി. ഞാനതു കുടഞ്ഞ് അയലിൽ വൃത്തിയായി തോരയിട്ടു . അത്രയും നേരംഞാൻരക്ഷപ്പെട്ടല്ലൊ. പക്ഷേ, പിന്നെ... ? എന്റെ ദേഷ്യംഅതിരുകൾവിടാൻ തുടങ്ങി.ചാച്ചുവിന്റെ മുഖംഞാൻനോക്കിയില്ല.അയാൾഎന്നെ തോൽപ്പിച്ചെന്നു് എനിക്ക് തോന്നി ചാച്ചു വന്നു കേറിയപ്പോൾ അയാൾഎന്നെരക്ഷപ്പെടുത്തുമെന്നു് ഞാൻ ആശിച്ചിരുന്നിലെന്നതൊക്കെ ശരിതന്നെ. നമുക്ക് നമ്മോടുതന്നെ ദേഷ്യംവരുമ്പോൾ മുന്നിൽആരെയെങ്കിലും കാണുന്നത് ഒരാശ്വാസമാണ്. പിന്നെഎല്ലാകുറ്റങ്ങളും അയാളിൽ ചാരാനും അതു് ന്യായീകരിക്കാനും നമ്മുടെ മനസ്സിന്ഒരുവല്ലാത്തകഴിവുണ്ട്.

ഞാൻ മുറിയിൽ നിന്നു് പുറത്തിറങ്ങുമ്പോൾ ചാച്ചു പിന്നിൽ നിന്നു് വിളിച്ചു. ഞാൻ തിരിഞ്ഞു. വാസ്തവത്തിൽ തിരിഞ്ഞു നിൽക്കണമെന്നു് എനിയ്ക്ക് ഉണ്ടായിരുന്നതെയില്ല. ചിലപ്പോൾ ഞാനങ്ങനെയാണ്. ചെയ്യരുതെന്നു് സ്വയം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ ഞാനതേ കൃത്യം ചെയ്തുകൊണ്ടിരിക്കുകയാവും. ചാച്ചുഎന്റെനേരെകൈനീട്ടിയതാണ്.പക്ഷേ,മറന്നുപോയഎന്തോഒന്നുപെട്ടെന്നോർമ്മിച്ചിട്ടെന്ന പോലെ ഉടനെ കൈതിരിച്ചെടുത്തു.എന്നിട്ടുചിരിച്ചു.

ഞാനും ചിരിച്ചു. സത്യത്തിൽ എനിക്ക് സന്തോഷം തോന്നിയിരുന്നതാനും. അത്രയ്ക്കു് സ്വാഭാവികമായിരുന്നു ആ ചിരി. അവിടവിടെ വീണുകിട്ടുന്ന അത്തരം ചിരികളിലാണ് എന്റെ അസ്തിത്വമെന്ന് എനിക്കെപ്പോഴും തോന്നിയിട്ടുണ്ട്. നേർത്ത വിറപൂണ്ട കൈകളോടെയാണ് ചാച്ചു എന്നെ സമീപിച്ചത്. പുരുഷന്റെ കൈ എന്റെ ദേഹം സ്പർശിച്ചിട്ടും വരിഞ്ഞിരുന്ന ഇഴജന്തുവിന്റെ സ്പർശമാണ് ഞാൻ കൂടുതൽ അറിഞ്ഞത്. ചുണ്ടിൽ പിടിപ്പിച്ച ചിരിയുമായിഞാൻഅനങ്ങാതെനിന്നു.എന്റെവിസമ്മതമില്ലായ്മകൊടുത്ത പ്രോത്സാഹനം മൂലമാവാംഎന്റെതലസ്വന്തംമാറിൽചേർത്തുവച്ചുചാച്ചു.

''എനിക്കെന്തു സ്നേഹമാണെന്നോനിന്നെ?''

എനിക്കു രസം തോന്നി. മറ്റൊന്നും ചെയ്യാൻ ഇല്ല എനിക്ക്. സ്വന്തം മനസ്സ് ഒരു ഭാരമാകുമ്പോൾ മറ്റാരുടെയെങ്കിലും തീരുമാനങ്ങൾക്കനുസരിച്ച്. അതെത്ര ഇഷ്ടപ്പെട്ടതായാലും അല്ലെങ്കിലും ശരി, ഒഴുകി പോവാൻ ഒരു രസമുണ്ട്. അതേ തോന്നലായിരുന്ന ഏനിക്കും ചാച്ചു എന്നെ കൊല്ലുവാൻ തുടങ്ങുകയായിരുന്നെങ്കിലുംഞാൻപ്രതിഷേധിക്കുമെന്നു് എനിക്കുറപ്പില്ല. ചാച്ചുവിന്റെ മനസ്സ് കൈകളുടെ തുമ്പത്തെത്തിക്കഴിഞ്ഞിരുന്നു. എന്റെ മനസ്സിൽ കൊത്തിക്കീറുന്ന എന്തിന്റെയൊക്കെയോ മേലാണ് ചാച്ചു കൈവെച്ചത്. അവ പെട്ടെന്നു നിശബ്ദമായി. ഏതോ ബഹളത്തിൽ വഴിതെറ്റി പരിഭ്രമിക്കുന്ന ഒരുവന് പൊടുന്നനെ ശരിയായ വഴി മുന്നിൽ തെളിഞ്ഞപോലെ എനിക്കാശ്വാസം തോന്നി. ഇഴജന്തുവിന്റെ

വരിയലിനുമുണ്ട് ശമനം. അന്തംകാണാത്ത പാതയിൽ നടന്നു ക്ഷീണിച്ച ഒരുത്തനു സ്വന്തം കട്ടിൽ കണ്ടാലുണ്ടാകുന്ന തളർച്ചയുണ്ടായിരുന്നു എനിക്കപ്പോൾ. ഞാൻ പതുക്കെ പതുക്കെ ചാച്ചുവിന്റെ കൈകളിൽ അഭയം തേടി, എന്നെ വാരിയെടുത്തപ്പോഴും ഉമ്മവെച്ചപ്പോഴും ഞാനൊരു തൂവൽ പോലെ ഭാരമില്ലാതായി തോന്നി. ലോകത്തിന്റെ ഏതറ്റംവരെ വേണമെങ്കിലും എനിക്കങ്ങനെ പറക്കാം. ആ അനുഭൂതിയുടെ പ്രലോഭനം എനിക്കപ്രതിരോധ്യമായിരുന്നു. ഞാനിന്നുവരെ കൊതിച്ചത് അതിനാണ്. ആകാശത്തിനുകീഴിൽ കൈകാൽകടഞ്ഞൊന്നുപറക്കാൻ.

അവസാനം എന്റെ രക്ഷപ്പെടലിനൊരു അവസാനമുണ്ടെന്നു് എനിക്കറിയേണ്ടിവന്നു. തണുപ്പിൽ കുളിച്ചു നിൽക്കുന്ന ഒരുവന്റെ മേൽഅപ്രതീക്ഷിതമായിവീണതീപ്പൊരിപോലെഎന്നെആനിമിഷംഞെട്ടിച്ചു. എന്റെ തൊട്ടടുത്ത്ക്ഷീണിച്ചുകിടക്കുന്നസന്തോഷവാനായചാച്ചുഒരുഅപരിചിതനാണ്.എവിടെയോകണ്ട മുഖച്ഛായപോലുമില്ലാത്ത അപരിചിതൻ. താൻ ഈ നിമിഷങ്ങൾ വേറെ ആരുടെയോ കൈയിൽനിന്നു തട്ടിയെടുത്തതായിരുന്നു. എന്റെ ദയനീയത എന്നെ വല്ലാതെ നാണം കെടുത്തി. ഞാനതിനു പിടികൊടുക്കാതിരിക്കാൻ ചാച്ചുവിനോട് പിറ്റെ ദിവസം രാത്രി ആരും കാണാതെ പുഴവക്കത്തേയ്ക്കു് പോകുന്നതിനെപ്പറ്റിയും കല്ലുകൾ തട്ടിത്തെറുപ്പിച്ചു നടക്കുന്നതിനെപ്പറ്റിയും തുടരെ പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴാണ്അമ്മയുടെവിളിഅതിന്നൊക്കെനടുവിൽ ഒരുതീഗോളംപോലെവന്നുവീണത്.

ചാച്ചു പിടഞ്ഞു. ധൃതികൂട്ടി. ശക്തമായ വ്യർത്ഥതാ ബോധമുണ്ടായിട്ടും ചാച്ചുവിനെ രണ്ടു നിമിഷം തടഞ്ഞു വെക്കാൻ നോക്കി ഞാൻ. ചാച്ചു നിന്നില്ല. നിൽക്കുമെന്നാശഎനിക്കുണ്ടായിരുന്നില്ലെന്നതുകൊണ്ട് അതിൽഅപാകതയൊന്നും തോന്നിയില്ല. പൊടുന്നനെ, വളരെ പൊടുന്നനെചാച്ചു വസ്ത്രങ്ങൾ ധരിക്കുന്നതു നോക്കിക്കിടക്കെ ആണ്. അതു് വീണ്ടും വന്നത്. ആ മടുപ്പ്. അപ്രതീക്ഷിതമായിരുന്നു എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, ചാച്ചു തിരിച്ചുപോകുകപോലും ചെയ്യുന്നതിന്നു. മുൻപെ അതൊരു ധിക്കാരമായി എനിക്കുതോന്നി. എപ്പോഴത്തെയുംപോലെ അതിന്റെ, വീണ്ടുവിചാരമില്ലാതെ എന്റെ മേൽ കയറിവരുന്ന അധികാരഭാവമാണ്എന്നെഇപ്പോഴുംനിസ്സഹായയാക്കിയത്. പോകുമ്പോൾഎന്നെചുംബിക്കാൻകുനിഞ്ഞ ചാച്ചുവിനോടു് ഞാൻ പറഞ്ഞു: ‘‘വേണ്ട. വേഗം പൊയ്ക്കോളൂ.’’ എനിക്കു കരച്ചിൽ വന്നിരുന്നു. എന്നതു ശരിയാണ്.പക്ഷേ,ഞാനതുപറയാൻഅതല്ലകാരണം.ഒരുഭ്രാന്തിയുടെഅവസാനിച്ചെന്നു കരുതിയ നിലവിളി പെട്ടെന്നു്തൊട്ടുപിന്നിൽനിന്നുയർന്നതുപോലെ മഴയുടെകരച്ചിൽവീണ്ടുംവന്നുകഴിഞ്ഞിരുന്നു.

ചാച്ചു പോയത്, പൂർണ്ണമായും തോല്പിക്കപ്പെട്ടഞാൻകണ്ടില്ല,നഗ്നമായശരീരത്തിനു മുകളിൽസാരി അലസമായി വലിച്ചിട്ട്, നിസ്സഹായതയിൽനിന്ന് ഉടലെടുക്കുന്ന ധൈര്യത്തോടെഞാനതുകേട്ടു കിടന്നു. ഇതിന് ഒരുപക്ഷേ,അന്തമുണ്ടാവുകവയ്യ.